**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6484** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്റ്റാർട്ട് അപ് മിഷന്റെയും സിറ്റി സ്റ്റാർട്ട് അപ് മിഷന്റെയും പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച ഉന്നതി സ്റ്റാർട്ട് അപ് മിഷന്റെയും സ്റ്റാർട്ട് അപ് സിറ്റി മിഷന്റെയും പ്രവർത്തനങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവ വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനമൊട്ടാകെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ ഉൾക്കൊള്ളുന്ന രീതിയിൽ സംരംഭകത്വത്തെ പിന്തുണക്കുന്ന ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കാനുള്ള കേരള സർക്കാരിന്റെ ഉദ്യമമാണ് ഉന്നതി നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ് സിറ്റി. സ്റ്റാർട്ട് അപ് സിറ്റിയുടെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്.<br><br>എഞ്ചിനിയറിംഗ്, ഐ.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരംക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിംഗ്, കാർഷികം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിജ്ഞാനവും താൽപ്പര്യവുമുള്ളതും, എന്നാൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൂലധനം സ്വരൂപിക്കാൻ സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ സ്വപ്നം നിറവേറ്റാൻ സാധിക്കാത്ത പട്ടികജാതി, പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന ചെയ്യുന്നു. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക, താൽപ്പര്യപ്പെടുന്ന മേഖലയിൽ ആവശ്യമായ നിർദ്ദേശം നൽകി അവരെ വിജയത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക എന്നിവയാണ് ഉന്നതി എംപവർമെന്റ് സൊസൈറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) | നാളിതുവരെയായി ഉന്നതി സ്റ്റാർട്ട് അപ് പദ്ധതിക്ക് കീഴിൽ എത്ര വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് അനുമതി നല്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഉന്നതി സ്റ്റാർട്ട് അപ് പദ്ധതിക്ക് കീഴിൽ വിദ്യാർത്ഥികൾ ആരും തന്നെ വിദേശ പഠനത്തിനായി പോയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സ്റ്റാർട്ട് അപ് സിറ്റി പദ്ധതിയിൽ എത്ര സ്റ്റാർട്ട് അപ് മിഷനുകൾക്ക് തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സ്റ്റാർട്ടപ് മിഷനുകൾക്ക് തുക നൽകിയിട്ടില്ല. സ്റ്റാർട്ട് അപ് സിറ്റി പദ്ധതി മുഖേന 6 സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ